LIBRARY ARCHIVES Kerala Legislative Assembly

ഹിരണ്യനല്ലൂർ ക്ഷേത്രാഗ്നിബാധ - ക്രൈംബ്രാഞ്ച് അന്വേഷണം

217 (223) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടൂർ നിയോജക മണ്ഡലത്തിലെ പള്ളിക്കൽ പഞ്ചായത്തിലുള്ളതായ നൂറ്റാണ്ടുകൾ പഴക്കമേറിയ ഹിരണ്യനല്ലൂർ ക്ഷേത്രം സംശയാസ്പദമായ സാഹചര്യത്തിൽ അഗ്നിബാധക്കിരയായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കേസ്സന്വേഷണത്തിൽ ലോക്കൽ പോലീസിന്റെ നിഷ്ക്രിയത്വം സബ്മിഷനിലൂടെ ബോദ്ധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കേസ്സ് ക്രൈംബ്രാഞ്ചിന് കൈമാറാമെന്ന് മറുപടി നൽകിയിട്ടുണ്ടോ;

(സി) അനുബന്ധ മറുപടിയിന്മേൽ ബന്ധപ്പെട്ട കേസ്സ് ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുണ്ടോ ;

(ഡി) തികച്ചും സംശയാസ്പദമായ സാഹചര്യത്തിൽ നടന്ന ഈ ക്ഷേത്രത്തിലെ അഗ്നിബാധയിന്മേലുള്ള അന്വേഷണം ക്രൈംബ്രാഞ്ച് ആരംഭിക്കുന്നതിനുള്ള കാലവിളംബത്തിന് കാരണം വെളിപ്പെടുത്തുമോ;

(ഇ) ക്രൈംബ്രാഞ്ച് അന്വേഷണം ആരംഭിക്കുമെന്ന സഭയിൽ നൽകിയിരുന്ന ഉറപ്പ് സമയബന്ധിതമായി പാലിക്കുന്നതിന് തയ്യാറാകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഇ) ഉണ്ട്. ക്രൈം നമ്പർ 2000/2014-ാം നമ്പരായി അടൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഹിരണ്യനല്ലൂർ ക്ഷേത്രാഗ്നിബാധ ക്രൈംബ്രാഞ്ച് അന്വേഷണത്തിനായി 19-2-2015-ലെ ഡി5/152218/2014 നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന പോലീസ് മേധാവി ക്രൈംബ്രാഞ്ചിന് കൈമാറുകയും ടി കേസ് ക്രൈംബ്രാഞ്ച് ക്രൈം നമ്പർ 08/CR/OCW -1/TVM/15 പ്രകാരം റീ-നമ്പർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ടി കേസിന്റെ സി.ഡി.ഫയൽ 3-3-2015-ന് ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറിയിട്ടുള്ളതാണ്. ടി കേസ് ക്രൈംബ്രാഞ്ച് വിഭാഗം ഊർജ്ജിതമായി അന്വേഷണം നടത്തിവരികയാണ്.

കൊലപാതകങ്ങളുടെ എണ്ണം

218 (224) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ സംസ്ഥാനത്ത് എത്ര കൊലപാതകങ്ങൾ നടന്നെന്ന് വെളിപ്പെടുത്താമോ ;